II ഇ.ബി. XV- കേരള നിയമസഭ/VII-2

**പതിനഞ്ചാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2022 ഡിസംബർ 06, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

5 (*31) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ പ്രോത്സാഹിപ്പിക്കാൻ നടപടി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഭൂപരിഷ്കരണ നിയമത്തിലെ ഇളവുകൾ അനുവദിച്ചുകൊണ്ട് സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നിർദ്ദേശം കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വ്യവസായത്തിനനുയോജ്യമായ 10 ഏക്കറിലധികം ഭൂമിയുള്ളവർക്ക് സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിന് അപേക്ഷിക്കാവുന്നതാണെന്നും

കണ്ണൂർ, മലപ്പുറം, കോട്ടയം, പാലക്കാട് ജില്ലകളിൽ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ഇൻഡസ്ട്രിയൽ ഫെസിലിറ്റേഷൻ പാർക്കുകൾ സ്ഥാപിക്കുന്നതിനും വ്യവസായ പാർക്കുകളിലും എസ്റ്റേറ്റുകളിലും ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സാങ്കേതിക സഹായവും സ്ഥലസൗകര്യവും സ്വകാര്യ സംരംഭകർക്ക് ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും കിൻഫ്ര ഉൾപ്പെടെയുള്ള വിവിധ സർക്കാർ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനത്തിലൂടെ സംസ്ഥാനത്ത് വ്യവസായ വികസനത്തിനാവശ്യമായ പ്രോത്സാഹനവും പശ്ചാത്തല സൗകര്യങ്ങളും നൽകുന്നുണ്ടെന്നും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നടപ്പ് സാമ്പത്തിക വർഷം 98,834 പുതിയ സംരംഭങ്ങൾ ആരംഭിക്കാനും 6,106.71 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും രണ്ട് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അധികമുള്ള ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള മിച്ചഭൂമി വ്യാവസായിക

ആവശ്യത്തിനായി ഉപയോഗിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുമെന്നും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഐ.ടി. വികസനത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ള ഭൂമി വ്യവസായ വകുപ്പിന് കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും കൈത്തറി ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡ് കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും വ്യവസായവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ചട്ടങ്ങളിലും വ്യവസ്ഥകളിലുമുള്ള ഏകോപനമില്ലായ്മ പരിശോധിക്കുന്നതിന് വകുപ്പുതല സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പുതിയ സംരംഭങ്ങളുടെ നിലനില്പിനാവശ്യമായ സഹായം ലഭ്യമാക്കുന്നതിനായി ജില്ലകൾ തോറും എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിക്കുമെന്നും അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി സംരംഭക സംഗമവും താലൂക്ക് തലത്തിൽ വിപണന മേളകളും നടത്തുമെന്നും അറിയിച്ചു. കെട്ടിടനിർമ്മാണ ചട്ടത്തിലെ ദേശീയ/സംസ്ഥാന കോഡുകളിൽ നിലനിൽക്കുന്ന വൈരുദ്ധ്യങ്ങൾ ബന്ധപ്പെട്ട വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രായോഗിക പരിഹാരം കണ്ടെത്താൻ ശ്രമിക്കുമെന്നും ആലപ്പുഴയിലെ എക്സൽ ഗ്ലാസ്

ഫാക്ടറിയുടെ അധീനതയിലുള്ള സ്ഥലത്ത് സ്വകാര്യ വ്യവസായ പാർക്ക് തുടങ്ങുന്നതിനാവശ്യമായ സഹായം നൽകുമെന്നും ധനകാര്യവകുപ്പിന്റെ ഭരണാനുമതി ലഭിച്ചാലുടൻ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6 (*32) ഇലക്ട്രോണിക്സ് പാർക്കുകൾ സ്ഥാപിക്കാൻ നടപടി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങൾ ഒരു കടക്കീഴിലാക്കുന്നതിനായി ആധുനിക നിലവാരത്തിൽ ഒരു ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ടെന്നും കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി കാക്കനാട് ഒരു ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്രയുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നതായും കേരളത്തെ ഇലക്ട്രോണിക്സ് വ്യവസായത്തിന്റെ ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായി 'ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ ടെക്നോളജിസ് ഹബ്' രൂപീകരിക്കുന്നതിന് 28 കോടി രൂപ ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൊരട്ടിയിൽ എമർജിംഗ് ടെക്നോളജി ഗ്രീൻ ഫീൽഡ് ഇൻഡസ്ട്രിയൽ പാർക്കും കൊച്ചിയിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കും ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. കണ്ണൂരിൽ പ്രവർത്തിക്കുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടുകൂടി നിർമ്മിക്കുന്ന സൂപ്പർ കപ്പാസിറ്റർ മാനുഫാക്ചറിംഗ് പ്ലാന്റ് 2023 ഏപ്രിൽ മാസത്തിൽ കമ്മീഷൻ ചെയ്യുമെന്നും കെൽട്രോണിന്റെ കരകുളം സെന്ററിനെ പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും കെൽട്രോണിന്റെ പുനരുദ്ധാരണത്തിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും രണ്ട് വർഷത്തിനുള്ളിൽ ആയിരം കോടി രൂപ ടേണോവറുള്ള സ്ഥാപനമായി കെൽട്രോണിനെ മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും അടുത്ത വർഷം മുതൽ മാസം തോറും ഓരോ പുതിയ പ്രോഡക്ട് പുറത്തിറക്കാൻ കെൽട്രോൺ ഉദ്ദേശിക്കുന്നുണ്ടെന്നും കേരളത്തിൽ ഇലക്ട്രോണിക്സ് സെമി കണ്ടക്ടർ ഫാബ് & ഹൈടെക് പാർക്ക് നിർമ്മിക്കുന്നതിനായി കെൽട്രോൺ തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും മന്ത്രി

വ്യക്തമാക്കി. കേരളത്തിൽ പ്രഖ്യാപിച്ച കരട് വ്യവസായ നയത്തിൽ ESDM (Electronics System Design & Manufacturing) ഒരു സൺറൈസ് മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഈ ഗവൺമെന്റിന്റെ കാലത്ത് പുതുതായി വികസിപ്പിച്ചതുൾപ്പെടെ 201.62 ലക്ഷം ച. അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി പാർക്കുകളിൽ നിലവിലുണ്ടെന്നും അറിയിച്ചു. ഇലക്ട്രോണിക്സ് രംഗത്ത് സഹകരണ മേഖലയുടെ സാധ്യതകളുപയോഗപ്പെടുത്താൻ ശ്രമിക്കുമെന്നും അക്കാദമിക് ഇൻസ്റ്റിറ്റ്യൂഷനും ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റും തമ്മിൽ കണക്ട് ചെയ്യുകയെന്ന ഗവൺമെന്റ് നയം ഗ്രാഫീൻ മേഖലയിലും ഉപയോഗപ്പെടുത്തുമെന്നും കേരളത്തിൽ ഗ്രാഫീനുമായി ബന്ധപ്പെട്ട പ്രൊഡക്ഷൻ സ്വകാര്യമേഖലയിൽ ആരംഭിച്ചിട്ടുണ്ടെന്നും പ്രതിരോധമേഖലയിലെ സാധ്യത ഇലക്ട്രോണിക്സ് രംഗത്ത് ഉപയോഗപ്പെടുത്തുമെന്നും ലാപ്ടോപ്പുകളും സെർവറുകളും നിർമ്മിക്കുന്ന കൊക്കോണിക്സ് കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെട്ടരീതിയിൽ മുന്നോട്ടുപോകുന്നുണ്ടെന്നും ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0-യുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും വ്യവസായ മേഖലയ്ക്ക് പുത്തനുണർവ് നൽകുന്നതിനുമുള്ള പദ്ധതികൾ സർക്കാർ

ആവിഷ്കരിച്ചിട്ടുണ്ടെന്നും കുറ്റിപ്പുറം കിൻഫ്ര പാർക്കിനുവേണ്ടി ഏറ്റെടുത്ത സ്ഥലം മറ്റ് മേഖലയിൽ ഉപയോഗപ്പെടുത്താൻ ശ്രമിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*3) <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും സാമ്പത്തിക അച്ചടക്കം പാലിച്ചും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനാണ് ശ്രമിക്കുന്നതെന്ന് സഭയെ അറിയിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് റവന്യൂകമ്മി ഗ്രാന്റിൽ കുറവുണ്ടായതും നടപ്പുവർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രസർക്കാർ വെട്ടിച്ചുരുക്കിയതും ജി.എസ്.ടി. നഷ്ടപരിഹാരം യഥാസമയം ലഭ്യമാകാത്തതും കുറവിനാനുപാതികമായി ചെലവുകളിന്മേൽ വെട്ടിച്ചുരുക്കൽ വരുത്താൻ കഴിയാത്തതുമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. മുൻവർഷത്തെ അപേക്ഷിച്ച് സംസ്ഥാനത്ത് വരുമാന വളർച്ചയുണ്ടായിട്ടുണ്ടെന്നും പദ്ധതി ചെലവുകൾക്ക് തടസ്സമുണ്ടായിട്ടില്ലെന്നും പ്രവാസികളിൽനിന്നുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും

സംസ്ഥാനത്തിന്റെ പ്രതിശീർഷ ആളോഹരി വരുമാനം ദേശീയ ശരാശരിയുടെ ഇരട്ടിയാണെന്നും മടങ്ങിയെത്തിയ പ്രവാസികൾക്ക് ആഭ്യന്തര തൊഴിൽ വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തുന്നുണ്ടെന്നും കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ കെ-റെയിൽ പദ്ധതി നടപ്പിലാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.